"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഡിസി മിൽസ് എന്ന സ്ഥാപനത്തിന് നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.833/2024/DMD തീയതി,തിരുവനന്തപുരം, 08-11-2024

പരാമർശം:- ആലപ്പുഴ ജില്ലാകളക്ടറുടെ 28/06/2024 ലെ DCALP/2345/2023-DMC3 നമ്പർ കത്ത്

**ഉത്തരവ്**

ഡി.സി മിൽസ് വളവനാട് എന്ന സ്ഥാപനം കോവിഡ് ചികിത്സാ കേന്ദ്രമായി പ്രവർത്തിച്ച കാലയളവിലെ വാടക അനുവദിച്ച് നൽകണമെന്ന് കാണിച്ച് ടി സ്ഥാപനം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ തഹസിൽദാർ മുഖേന അന്വേഷണം നടത്തിയിരുന്നതും തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരം ടി സ്ഥാപനം SBI യുമായുള്ള പണമിടപാടുകളിൽ വന്നിട്ടുള്ള വീഴ്ചയിൽ പ്രസ്തുത ബാങ്ക് ഏറ്റെടുത്തിരുന്നതാണെന്നും, ബാങ്കിന് 45 കോടി രൂപയും പലിശ ഇനത്തിൽ 1.33 കോടി രൂപയും അടവു വരുത്തിയതിനെ തുടർന്ന് ഫിസിക്കൽ പൊസഷൻ പ്രസ്തുത ബാങ്ക് ഡി.സി മിൽസിന് കൈമാറിയിട്ടുണ്ടെന്നും കോവിഡ് രോഗ വ്യാപനം കുറഞ്ഞതിനു ശേഷം ജില്ലയിലെ മറ്റ് കോവിഡ് ചികിത്സാ കേന്ദ്രങ്ങളിൽ ഉപയോഗിച്ചിരുന്ന കട്ടിലുകൾ മെത്തകൾ, ഫാനുകൾ മുതലായ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ ആയി ഡി.സി മിൽസ് ജില്ലാ ഭരണകൂടം ഉപയോഗിച്ചിരുന്നുവെന്നും ഡി.സി മിൽസിന് അനുവദനീയമായ നഷ്ടപരിഹാര തുക തിട്ടപ്പെടുത്തി നൽകുവാൻ LSGD എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വളവനാട് ഡി.സി മിൽസിന്റെ പ്രതിമാസ വാടക 10235 ച.മി ന് 9,01,882/- രൂപയായി ചീഫ് എഞ്ചിനിയർ, LSGD നിശ്ചയിച്ച് സമർപ്പിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ഡി.സി മിൽസ് കെട്ടിടത്തിന്റെ ഫിസിക്കൽ പൊസെഷൻ SBI യിൽ നിന്നും ഡി.സി മിൽസ് മാനേജ്മെന്റിന് ലഭിച്ച തിയതിയായ 29/04/2023 മുതൽ കെട്ടിടം ജില്ലാ ഭരണകൂടം വിട്ടു നൽകിയ തീയതിയായ 26/10/2023 വരെയുള്ള വാടക ടി സ്ഥാപനത്തിന് അനുവദിക്കുന്നതിനായി 53,51,166/- രൂപ 2245-02-101-94-01-Flood other items എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആലപ്പുഴ ജില്ലാകളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഡിസി മിൽസ് എന്ന സ്ഥാപനത്തിന് ചീഫ് എഞ്ചിനിയർ, LSGD നിശ്ചയിച്ച വാടകതുക അനുവദിക്കുന്നതിനായി 53,51,166/- രൂപ(അൻപത്തിമൂന്ന് ലക്ഷത്തി അൻപത്തിയൊന്നായിരത്തി ഒരുനൂറ്റി അറുപത്തിആറ് രൂപ മാത്രം) 2245-02-101-94-01-Flood other items എന്ന ശീർഷകത്തിൽ നിന്ന് ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

തുകയുടെ വിനിയോഗം NDMIS പോർട്ടലിൽ രേഖപ്പെടുത്തുന്നതിനും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി ആലപ്പുഴ ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ,ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**

**Date: 08-11-2024 12:06:40**

സെക്ഷൻ ഓഫീസർ